**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 424** **08-06-2021 - ൽ മറുപടിയ്ക്ക്**

**കയർ തൊഴിലാളികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | Shri. P. Rajeeve<br>(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് പ്രതിസന്ധി മൂലം കേരളത്തിൽ നിരവധി കയർ തൊഴിലാളികൾക്ക് കഴിഞ്ഞ 15 മാസമായി തൊഴിൽ നഷ്ടമായിരിക്കുന്നതിനാൽ അവരുടെ കുടുംബങ്ങൾ നിത്യപട്ടിണിയിലും ആത്മഹത്യയുടെ വക്കിലുമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരെ സഹായിക്കുന്നതിന് ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (എ) | കോവിഡ് മഹാമാരിമൂലം ഉണ്ടായിരിക്കുന്ന പ്രതിസന്ധികൾ കയർ മേഖലയെ ബാധിക്കാതിരിക്കാൻ സർക്കാർ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. കോവിഡ് കാലത്ത് തൊഴിൽ നഷ്ടപ്പെടാതിരിക്കാൻ സംഘങ്ങളോടൊപ്പം തന്നെ യൂണിറ്റ് അടിസ്ഥാനത്തിൽ കയർ പിരിക്കുന്ന തൊഴിലാളികൾക്കും അവരുടെ വീട്ടുകളിൽ ചകിരി കയർഫെഡ് എത്തിച്ചുകൊടുക്കുന്നുണ്ട്. സംഘങ്ങൾക്ക് കയർവില മുടക്കം കൂടാതെ നൽകുക വഴി തൊഴിലാളികൾക്ക് വേതനം കൃത്യമായി നൽകുന്നതിന് സാധിച്ചിട്ടുണ്ട്. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം 25 കോടി രൂപ 2020-21 വർഷത്തേയ്ക്ക് സർക്കാർ നൽകിയിരുന്നു.ഈ തുകകൂടി ലഭിച്ചതോടെ കൂലിയിലെ സർക്കാർ വിഹിതവും പൂർണ്ണമായി നൽകുന്നതിന് സാധിച്ചു. സംസ്ഥാന പ്ലാനിംഗ് ബോർഡ് കോവിഡിന്റെ 1 ാം വ്യാപന ഘട്ടത്തിൽ വളർച്ചരേഖപ്പെടുത്തിയ പരമ്പരാഗത വ്യവസായ മേഖലയായി കയറിനെ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. കയർ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ എല്ലാ കയർ തൊഴിലാളികൾക്കും കോവിഡ് സമാശ്വാസമായി 1000/- രൂപ വീതം അനുവദിക്കുന്നതിനായി സർക്കാർ 10 കോടി രൂപ അനുവദിക്കുകയുണ്ടായി. പരമ്പരാഗത തൊഴിലാളികൾ പണിയെടുക്കുന്ന പരമ്പരാഗത റാട്ടുകൾ, ഇലക്ട്രോണിക് റാട്ടുകൾ എന്നിവയിലെ കയർ ഉല്പാദനത്തിന് കൂലിയുടെ ഒരു വിഹിതം ഇൻകം സപ്പോർട്ട് എന്ന രീതിയിൽ സർക്കാർ വഹിക്കുന്നുണ്ട്. പരമ്പരാഗത കയർപിരി മേഖലയിലെ തൊഴിലാളികളുടെ പ്രതിദിന കൂലിയായിരുന്ന 300/- രൂപയുടെ ഒരു ഭാഗം പരമാവധി 110/-രൂപ സർക്കാർ വിഹിതമായി നൽകി വരുന്ന പദ്ധതിയാണ് വരുമാനം ഉറപ്പാക്കൽ പദ്ധതി. പരമ്പരാഗത കയർ പിരി മേഖലയിലെയും |

| | | | |
|---|---|---|---|
| | | | ഇലക്ട്രോണിക് റാട്ട് ഉപയോഗിക്കുന്നവരുടേയും മിനിമം കൂലി 01/01/2019 മുതൽ പ്രതിദിനം 350/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഇവർക്ക് 110/- രൂപ പ്രതിദിനം സർക്കാരിന്റെ വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം ലഭ്യമാകും.ഇങ്ങനെ പ്രതിസന്ധി ബാധിക്കാതെ കയർ വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. |
| (ബി) | കയർ തൊഴിലാളികളുടെ ദിവസ വേതനം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | (എ ) പിരിവിനുള്ള ഉത്തരം കണ്ടാലും . |

സെക്ഷൻ ഓഫീസർ